ഇളംങ്കുളം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേട് സംബന്ധിച്ചുള്ള അന്വേഷണം

113 (4273) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇളംങ്കുളം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേട് സംബന്ധിച്ചുള്ള അന്വേഷണം വിജിലൻസിനെ ഏൽപ്പിച്ചത് എന്നാണ് ;

(ബി) ആരുടെയെല്ലാം പേരിലാണ് ഇത് സംബന്ധിച്ച് അന്വേഷണം നടക്കുന്നത് ;

(സി) ഈ കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്നതിനുള്ള കാരണമെന്ത് ;

(ഡി) ഇതിന്റെ അന്വേഷണം പൂർത്തിയാക്കി കേസ് ചാർജ് ചെയ്യുന്നതിന് ഇനി എത്ര വർഷങ്ങൾകൂടി വേണ്ടി വരുമെന്ന് പറയാമോ ;

(ഇ) ഈ കേസിന്റെ അന്വേഷണത്തിൽ എന്തെങ്കിലും വിധത്തിലുള്ള ബാഹ്യ സ്വാധീനമോ ഇടപെടലുകളോ ഉണ്ടാകുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 27-4-1998-ലെ 3649/ഡി2/98/വിജിലൻസ് നമ്പർ ഉത്തരവു പ്രകാരം 4-6-1998 മുതൽ വിജിലൻസ് അന്വേഷണം ആരംഭിച്ചു.

(ബി) 1993-97 കാലയളവിൽ ഇളംങ്കുളം ബാങ്കിലെ സെക്രട്ടറിയായും മാനേജർമാരായും സേവനമനുഷ്ഠിച്ചവരുടെ പേരിൽ.

(സി & ഡി) അന്വേഷണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം യൂണിറ്റാണ് നടത്തുന്നത്. അന്വേഷണം അവസാന ഘട്ടത്തിലാണ്. അന്വേഷണം പൂർത്തിയായാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ഉണ്ടാകുന്നതായി അറിവില്ല.

കരവാരം 324-ാം നമ്പർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ അഴിമതി

114 (4274) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലോകായുക്തയുടെ 234/2000 നമ്പർ ഉത്തരവിൻമേൽ ചിറയിൻകീഴ് താലൂക്കിലെ കരവാരം 324-ാം ; നമ്പർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവോ ;

(ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടെന്നു വ്യക്തമാക്കുമോ ;

(സി) ഈ ബാങ്കിലെ അസിസ്റ്റന്റ് സെക്രട്ടറിയുടെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നുവോ ;

(ഡി) ഈ അന്വേഷണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly